# GREGORIAN VOICE




**Monthly newsletter of St Gregorios Jacobite Syrian Orthodox Church, Dublin**

(For private circulation only)

**April 2015**

**Congratulations and best of luck to all participated in "Aleph"**

**അക്ഷരങ്ങളുടെ ലോകത്തിലേക്ക് സ്വാഗതം.**














# സമയം അമൂല്യം: ഫാ. തോമസ് പുതിയാമഠത്തിൽ

മനുഷ്യന്റെ ഇന്നത്തെ ജീവിതം വളരെ തിരക്കേറിയതാണ്. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ കാര്യങ്ങൾ ചെയ്ത് തീർക്കുവാൻ മനുഷ്യൻ നെട്ടോട്ടമോടുകയാണ്. ആധുനിക കണ്ടുപിടിത്തങ്ങൾക്കും മനുഷ്യന്റെ ജീവിതത്തിരക്ക് കുറയ്ക്കുവാൻ കഴിയുന്നില്ല. ഇന്ന് പ്രചാരത്തിലുള്ള ഏറ്റവും വേഗത കൂടിയ വാഹനമായ വിമാനത്തിൽ യാത്രചെയ്യുന്ന മനുഷ്യൻ തന്റെ കൈത്തണ്ടയിലെ വാച്ചിലേക്ക് നോക്കി നെടുവീർപ്പിടുന്നതും വ്യക്തമാക്കുന്നത് വേഗത പോരാ എന്ന പരാതിയാണ്. അതെ എത്ര വേഗത്തിൽ കാര്യങ്ങൾ കാര്യങ്ങൾ ചെയ്തിട്ടും മനുഷ്യന് തൃപ്തി പോരാ.

സമയത്തെ ശരിയായ വിധത്തിൽ പ്രയോജനപ്പെടുത്താത്തവരാണ് സമയമില്ലായ്മയുടെ പരാതി പറയുന്നത്. ഉദാഹരണത്തിന് പരീക്ഷകൾക്ക് കൃത്യസമയത്ത് ഉത്തരങ്ങൾ എഴുതിത്തീർക്കവുന്ന വിധത്തിലാണ് ചോദ്യങ്ങൾ തയ്യാറാക്കിയുട്ടുള്ളത്. ചില വിദ്ധ്യാർത്ഥികൾ ചോദ്യങ്ങൾക്ക് അടുക്കും ചിട്ടയുമായി ആവശ്യമായ ഉത്തരങ്ങൾ വ്യക്തവും കൃത്യവുമായി ഉത്തരകടലാസിൽ എഴുതി നല്ലമാർക്ക് കരസ്ഥമാക്കുമ്പോൾ മറ്റുചില വിദ്ധ്യാർത്ഥികൾ ചോദ്യത്തിനു വ്യക്തവും കൃത്യവുമായ ഉത്തരം നല്കേണ്ടതിനു പകരം പലതും വലിച്ചു വാരിയെഴുതി ഉത്തരകടലാസ് നിറക്കുന്നു. അവസാനം സമയക്കുറവുമൂലം എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുവാൻ കഴിയാതെ വരുന്നു. കുറഞ്ഞ മാർക്കോ അല്ലങ്കിൽ തോല്‌വിയോ ആവും ഫലം. കാരണം സമയം വേണ്ട വിധത്തിൽ വിനിയോഗിക്കുവാൻ കഴിയാതെ പോയി എന്നുള്ളതാണ്.

ചെയ്യേണ്ട കാര്യങ്ങൾ സമയത്ത് വേണ്ടവിധത്തിൽ ചെയ്യുവാൻ സാധിക്കാതെ ജീവിതത്തിൽ പരാജയത്തിന്റെ കയ്പറിഞ്ഞ അനേക വ്യക്തിത്വങ്ങളെ നമുക്കു ചുറ്റും കാണുവാൻ സാധിക്കും. പലരും സമയം ഇനിയും ബാക്കിയുണ്ട് എന്ന വിചാരത്തിൽ നിവർത്തിക്കേണ്ടത് സമയത്ത പ്രവൃത്തിക്കാതെ പരാജിതരാവുന്നവരുമുണ്ട്. കുട്ടികൾക്കു പറഞ്ഞു കൊടുക്കാറുള്ള ആമയുടെയും മുയലിന്റെയും ഓട്ടപന്തയത്തിന്റെ കഥ ഓർമ്മപ്പെടുത്തുന്നത് സമയം വ്യഥാവാക്കാതെ തക്കത്തിൽ പ്രയോജനപ്പെടുത്തേണ്ടത്തിന്റെ ആവശ്യകതയെ കുറിച്ചാണ്.

തന്റെ ലക്ഷ്യം മറന്ന് എതിരാളിയുടെ ബലഹീനതയിൽ പ്രതീക്ഷയർപ്പിച്ച് അലസതയിലേക്ക് കൂപ്പ് കുത്തിയ മുയലിന്റെ അനുഭവം പരാജയമായിരുന്നു. ഇന്നത്തെ സമൂഹത്തിലും സ്വന്തം ഉത്തരവാദിത്വവും ജീവിത ലക്ഷ്യവും മറന്ന് അന്യരുടെ ബലഹീനതയിൽ തന്റെ വിജയം ഉറപ്പിക്കുവാൻ തത്രപ്പെടുന്നവരെ കാണുവാൻ കഴിയും. മറ്റുള്ളവരുടെ കുറവുകളെ കണ്ടുപിടിക്കുവാനായി സ്വന്ത ആയുസ്സിലെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുന്ന ഒരുവന്റെ ജീവിതത്തിൽ കഴിഞ്ഞുപോയ ഒരു നിമിഷം പോലും തിരികെ ലഭിക്കുകയില്ല എന്നുള്ള തിരിച്ചറിവ് മനുഷ്യൻ നേടേണ്ടതുണ്ട്.

വർഷങ്ങൾക്കു മുമ്പ് അനാരോഗ്യം മൂലം ഒരു യുവാവ് ജോലി രാജിവെച്ച് മറുനട്ടിൽ നിന്നും നാട്ടിലെത്തി. തന്റെ ഗുരുനാഥന്റെ നിർദ്ദേശം അനുസരിച്ച് നാട്ടിൽ ചികിത്സ ചെയ്ത് രോഗം ഭേദമായി. പിന്നീട് അദ്ദേഹം ആയുർവേദം പഠിക്കുവാൻ ചേർന്നു. പഠിത്തം പൂർത്തിയായ ശേഷം പ്രകൃതി ചികിത്സയിൽ ഉപരിപഠനത്തിനായി ബോംബയിലും മറ്റും പോയി നാട്ടിൽ തിരികെയെത്തി ആയുർവേദ ചികിത്സാ കേന്ദ്രം തുടങ്ങി. ഏറെ നാളായില്ല ദുരന്തം വീണ്ടും അദ്ദേഹത്തിന്റെ ജീവിതത്തിലേക്കു കടന്നു വന്നു. രോഗബാധിതനായി അദ്ദേഹം കിടപ്പിലായി. രോഗം ഭേദമാകുന്ന കാര്യം വിഷമമാണന്നും, ആയുസ്സും ഏറെയില്ലന്നും ഡോക്ടർമാർ വിധിയെഴുതി. ഒരു വേള മരുന്നു കഴിക്കുവാൻ വരെ അദ്ദേഹം തയ്യാറായില്ല. മരുന്നു കഴിച്ചിട്ടെന്തുകാര്യം എന്ന ചിന്തയായിരുന്നു കാരണം. പക്ഷേ പിന്നീട് വളരെ പെട്ടന്നു തന്നെ അദ്ദേഹം തന്റെ ആത്മ ബലം വീണ്ടെടുത്തു. മരണത്തെകുറിച്ചോർത്ത് അദ്ദേഹം പരവശനായില്ല. സംസ്കൃതത്തിൽ അപാര പാണ്ഡ്യത്യമുണ്ടായിരുന്ന അദ്ദേഹം ആ കിടക്കയിൽ കിടന്നു കൊണ്ട് "രാഘവീയം" എന്നൊരു സംസ്കൃത കൃതി രചിച്ചു. പിന്നീട് അദ്ദേഹം ഗീത തർജ്ജമയിൽ മുഴുകി.മറ്റെല്ലാം മറന്ന് പൂർണ്ണമായി തന്റെ മനസ്സും ശരീരവും അദ്ദേഹം തന്റെ ഉദ്യമത്തിനായി വിനിയോഗിച്ചു. എനിക്കിങ്ങനെ വന്നല്ലോ എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം സഹതപിച്ചിട്ടില്ല. കിടക്കയിൽ കിടന്നുകൊണ്ട് മൂന്ന് മാസം കൊണ്ട് ഗീത തർജ്ജിമ പൂർത്തിയാക്കി. ഇതിനിടയിൽ അദ്ദേഹത്തിന് രോഗവിമുക്തി നേടുവാൻ സാധിച്ചു. ഗീത തർജ്ജിമ ചെയ്യുവാൻ വേദനയുടെ മധ്യത്തിലും സമയം കണ്ടെത്തിയതു മൂലം ആത്മ സുഖവും ദേഹസൗഖ്യവും തനിക്ക് ലഭ്യമായി എന്നദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

ജീവിതം അലസമായി തള്ളിത്തീർക്കുന്നവരും രോഗങ്ങളും, ദുഖങ്ങളും, ദുരിതങ്ങളും സംഭവിക്കുമ്പോൾ അതിൽ മനം നൊന്ത് ദുഖിച്ച് സമയം വ്യഥാവാക്കിക്കളയുന്നവരും സമയത്തിന്റെ മൂല്യം ഉൾകൊണ്ടുകൊണ്ട് നന്മ പ്രവൃത്തിക്കുവാൻ മനസ്സു കാണിച്ചാൽ ജീവിതത്തിൽ വസന്തങ്ങൾ തീർക്കുവാൻ സാധിക്കും. ചെറുപ്രായത്തിലോ, വാർദ്ധ്യക്യത്തിലോ, രോഗശയ്യയിലോ ഏതു സാഹചര്യവുമാകട്ടെ ഈശ്വരാർചിതമായി നന്മ മുന്നിൽ കണ്ട് കർമ്മം ചെയ്യുവാൻ സമയത്തെ ക്രിയാത്മകമായി വിനിയോഗിക്കുന്ന വ്യക്തിക്ക്
ജീവിത വിജയം സുനിചരയം.



## Prayer meeting arrangements : April

**24-April-2015-Friday:** **@7:00 PM**

***Mr. Jinesh John***

Mobile : 0870673581

Address

56 Earls Court Apt,

Dolphins Barn,

Reuben Street,

**Dates to remember in April :**

**=====================**

**Balakalaolsavam : May 02, 2015**

**Vanitha Samajam Day : May 10, 2015**



### *JSVBS-2015*

Dublin St. Gregorios ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള J.S.V.B.S ഈ വർഷം April 8, 9, 10 തീയതികളിൽ Powerstown Educate Together N.S., Tyrrlestown ൽ വച്ച് നടത്തപ്പെട്ടു. 114 കുട്ടികൾ register ചെയ്തു. ആദ്യ ദിവസം ഇടവക വികാരി Rev. Fr. Jobymon Skaria പതാക ഉയർത്തിയതോടുകൂടി മൂന്നു ദിവസം നീണ്ടു നിന്ന J.S.V.B.S നു തുടക്കമായി. Rev. Fr. Jobymon Skaria യുടെ അധ്യക്ഷതയിൽ Rev. Fr. Thomas Puthiyamadathil തിരി തെളിച്ച് ഉത്ഘാടനം ചെയ്തു. കുട്ടികളുടെ പ്രായമനുസരിച്ച് Play School, Beginners, Sub-Juniors, Juniors, Seniors എന്നീ ഗ്രൂപ്പുകളായി തിരിച്ച് ക്ലാസ്സുകൾ നടത്തപ്പെട്ടു. ഏകദേശം പതിനഞ്ചോളം അധ്യാപകരുടെ മേൽനോട്ടത്തിൽ ക്ലാസ്സുകളും ഗാന പരിശീലനവും നടത്തപ്പെട്ടു. ഈ വർഷത്തെ theme, 'ഇല പൊഴിയാത്ത വ്രുക്ഷം' എന്നുള്ളതായിരുന്നു. Rev. Dn. John Kattipparampil, Mrs. Sisily Paul എന്നിവർ വിവിധ ദിവസങ്ങളിലായി സന്ദേശങ്ങൾ നൽകി. Day of Giiving ൻെറ ഭാഗമായി നടത്തപ്പെട്ട Charity Collection ൽ നിന്നു ലഭിച്ച തുക Jack and Jill Foundation നു കൈമാറി.

മൂന്നാം ദിവസം സ്നേഹവിരുന്നു നടത്തപ്പെട്ടു. പങ്കു വയ്ക്കലിൻെറ അനുഭവം കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കുന്ന വേദിയായി സ്നേഹവിരുന്നു മാറി. ഉച്ചയ്ക്കു ശേഷം റാലി നടത്തപ്പെട്ടു. കുട്ടികൾ ശുഭ്രവസ്ത്രങ്ങൾ ധരിച്ച് റാലിയിൽ അണിനിരന്നു. മുത്തുക്കുടകളും കൊടികളും റാലിയെ വർണശബളമാക്കി. J.S.V.B.S ൻെറ സമാപനം, 11ആം തീയതി ശനിയാഴ്ച കൊയ്നോണിയയൊടൊപ്പം നടത്തപ്പെട്ടു. J.S.V.B.S. ലെ കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു. തദവസരത്തിൽ J.S.V.B.S. ഇൽ പങ്കെടുത്ത കുട്ടികൾക്കെല്ലാം Certiificates വിതരണം ചെയ്തു. J.S.V.B.S. ൻെറ വിജയത്തിനു വേണ്ടി പരിശ്രമിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.



## കുരുന്നുകൾ ആദ്യാക്ഷരം കുറിച്ചു

നമ്മുടെ പള്ളിയിലെ യൂത്ത് അസോസിയേഷന്റെ ഈ വർഷത്തെ പ്രഥമ സംരംഭമായി കുരുന്നുകൾ ആദ്യാക്ഷരം കുറിക്കുന്ന ചടങ്ങ് നടത്തുകയു ായി. അഭി. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ തൃക്കരങ്ങളാൽ 11 കുരുന്നുകൾ പരി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത യാചിച്ചു കൊ ് ദൈവാശ്രയ ബോധത്തോടെ ആദ്യാക്ഷരം കുറിച്ചു. തദവസരത്തിൽ ആദ്യാക്ഷരം കുറിച്ച എല്ലാ കുഞ്ഞുങ്ങൾക്കും യൂത്ത് അസോസിയേഷന്റെ വകയായി ബൈബിൾ കഥാ പുസ്തകങ്ങൾ സമ്മാനമായി നൽകുകയു ായി. ഈ സമ്മാനത്തിനു പുറമെ അവരുടെ ജീവിതത്തിൽ എന്നും ഓർമ്മയിൽ സൂക്ഷിക്കുവാൻ ഈ ധന്യ മുഹൂർത്തത്തിന്റെ ചിത്രം പതിച്ച ഒരു ഓർമ്മക്കുറിയും നൽകുന്നു.



# <u>ബുക്ക് ക്ലബ്</u>

നമ്മുടെ പള്ളിയിലെ യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ബുക്ക് ക്ലബിന്റെ ഉദ്ഘാടനം12/04/2015 ഞായറാഴ്ച വി. കുർബ്ബാനയ്ക്കു ശേഷം നമ്മുടെ പള്ളിയിൽ വച്ച് അഭി. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പൊലീത്താ മാസ്റ്റർ ക്രിസ് ചെറിയാനിൽ നിന്നും ആദ്യ ബുക്ക് സ്വീകരിച്ചുകൊ ് നിർവ്വഹിച്ചു. പുസ്തകങ്ങൾ/സിഡി/ഡിവിഡി മുതലായവ സംഭാവന ചെയ്യുന്നതിലൂടെ ഈ ബുക്ക് ക്ലബിൽ അംഗമാകുവാൻ സാധിക്കുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് യൂത്ത് അസോസിയേഷൻ ഭാരവാഹികളുമായി ബന്ധപ്പെടുക.




*KOINONIYA—2015*

ഡബ്ലിൻ സെന്റെ ഗ്രിഗോറിയോസ് യാക്കോബായ പള്ളിയുടെ കൂട്ടായ്മയുടെപര്യായമായി വിളങ്ങുന്ന കൊയനോനിയയും വിബിസ് സമാപനവും 2015 ഏപ്രിൽ മാസം 11 ആം തീയതി ആഘോഷപൂർവ്വം കൊണ്ടാടി 3 ദിവസം നീണ്ടു നിന്ന VBS ന്റെ സമാപനം കൊയ്നോനിയയെ വർണശബളമാക്കി.

കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ ഒരേ മനസോടെ പങ്കെടുത്ത വിവധ കലാപരിപാടികൾ കൊയ്നോനിയ 2015 ന മാറ്റ് കൂട്ടി . ദൈവത്തി ദാനങ്ങൾ അനവരതം കനിഞ്ഞു നല്കിയ വേളയിൽ കൊയ്നോനിയ 2015 ന്റെയും വി ബി സിന്റെ സമാപനത്തിന്റെയും ഉത്ഘാടനം ബഹുമാനപ്പെട്ട തോമസ് പുതിയമടത്തിൽ അച്ചൻ നിർവഹിച്ചു . ജോൺ ശെമ്മാച്ചൻ ആശംസാപ്രസംഗം നടത്തി. വി ബി സിൽ പങ്കെടുത്ത എല്ലാ കുഞ്ഞുങ്ങൾക്കും സർട്ടിഫിക്കറ്റ് വിതരണം നടത്തി . സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാന ദാനവും നിർവഹിച്ചു .

## BIRTHDAY WISHES–APRIL

**BOBBY IYPE**

**DOLLY BIJU**

**RACHEL NEDUNGOTTIL**

**GIGY MATHEW**

**ELDHO DANIE GEORGE**

**HANNAH ELIZEBETH BOBBY**

**GEEVAN VARGHESE**

**K.K.ROY**

**SABU K K**

**NEERAJ THOMAS**

**SINDHU ULAHANNAN**

**FR JOBYMON SKARIA**

**SHEENA PAILY**

**AISSA MARY JOBIL**

**PAUL P MATHEW**

**ELSA SARA THOMAS**

**JADEN ZACH GEORGE**

**MARIA PRASAD**

## BIRTHDAY WISHES –APRIL

**ELDHO P THOMAS**

**HANNA SUSAN TINU**

**LEYA ANILA BIJU**

**LISBETH FINCY**

**SAJIMON KOOVAPPILIL**

**RONY MATHEW**

**MERCY CHACKO**

## ANNIVERSARY WISHES –APRIL

**ALFUS GEORGE**

**ANIL GEORGE**

**BIJU GEORGE**

**GEO JOSE**

**JAIN PAUL**

**JINU GEORGE**

Please email gregorianvoice@gmail.com with your suggestions and comments.

## Bible Quiz : Easter

**1: At Christ's crucifixion what did the soldiers place on his head?**

Crown of Nettles

Crown of Thorns

Crown of Jewels

Crown of Thistles

**2: For what of Christ's did the soldiers cast lots?**

Clothes

Jewels

Donkey

Cross

**3: For how many pieces of silver did Judas betray Christ?**

10

20

30

40

**4: How did Judas betray Christ?**

By pointing at him

Described him to the authorities

With a kiss

Shook his hand

**5: Christ was led away to which high priest first?**

Annas

Vitellius

Caiaphas

Josephus

**6: What was inscribed above the cross?**

Prince of the Jews

King of the Jews

Saviour of the Jews

Captain of the Jews

**Please send your answers to gregorianvoice@gmail.com**

**7: When Jesus died, for how long was there darkness over the land?**

3 days

3 minutes

3 hours

3 weeks

**8: What was the name of the man who requested Jesus' body for burial?**

Nicodemus

Joseph

Philip

Jonathan

**9: Who of these was first on the scene after resurrection of Christ?**

Simon Peter

Cleopas

Judas Iscariot

Mary Magdalene

**10: Pilate offered to release one prisoner - which prisoner did the Jews request to be released?**

Jesus

Barabbas

Paul

Barnabas

**11: What was the colour of the robe placed on Jesus?**

Blue

Red

White

Purple

**12: After Pilate found no guilt in Christ, for what reason did the Jews say that Jesus should die?**

He claimed to be of heaven

He said he would destroy the temple of God

He claimed to be their King

He had made himself the Son of God

## Kids Corner : Coloring page




**Dear play school children, please color this picture and return it to the church.**


JS VBS
Koinonia


JS VBS




JS VBS



# AUTO EXPERT

For all CAR servicing and electrical works contact Auto Expert

## Sunny Jose

**Dublin**

**Mob: 0876416934  Mob: 0894887650**

We undertake NCT repair, Free inspection, Complete car inspection and maintenance